പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം<br>നം. * T 531 | 02.07.2014- ൽ മറുപടിക്ക് |
|---|---|

മാംസ ഉല്പാദന വിപണനത്തിന് നിയന്ത്രണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ. കെ. ബാലൻ<br>" വി. ശിവൻകുട്ടി<br>" എ. പ്രദീപ്കുമാർ<br>" സാജു പോൾ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | യാതൊരു നിയന്ത്രണവുമില്ലാതെ മാംസം വിപണനം ചെയ്യുക വഴി നാനാതരം രോഗങ്ങൾ മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് എത്തുന്നതായുള്ള വസ്തുത പരിശോധിച്ചിട്ടുണ്ടോ; | എ) | പരിശോധിച്ചിട്ടില്ല. |
| ബി) | മാംസ ഉല്പാദന വിപണന രംഗത്ത് ഏതെല്ലാം നിലയിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്താനുദ്ദേശിക്കുന്നു വെന്ന് അറിയിക്കുമോ? | ബി) | 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമമനുസരിച്ച് കശാപ്പുശാലകളെ സംബന്ധിച്ച് കർശനവും വ്യക്തവുമായ വ്യവസ്ഥകളാണ് നിഷ്കർഷിച്ചിട്ടുള്ളത്. സംസ്ഥാനത്ത് അത്തരം വ്യവസ്ഥകൾ പാലിക്കുന്ന 17 കശാപ്പുശാലകൾക്ക് മാത്രമാണ് ഭക്ഷ്യസുരക്ഷാ ലൈസൻസോ, രജിസ്ട്രേഷനോ നൽകിയിട്ടുള്ളത്. എന്നാൽ സംസ്ഥാനത്തിന്റെ മാംസ വിപണികളുടെ വളരെ തുച്ഛമായ ആവശ്യം മാത്രമേ ടി കശാപ്പുശാലകൾക്ക് നിറവേറ്റാൻ കഴിയുന്നുള്ളൂ. ആയത് കൊണ്ടുതന്നെ സംസ്ഥാനത്തെ മാംസ വിപണിയുടെ ഭൂരിപക്ഷ ആവശ്യവും നിറവേറ്റുന്നത് അനധികൃത കശാപ്പുശാലകളാണ്. വളരെ അശാസ്ത്രീയവും വൃത്തിഹീനവും യാതൊരു |

| | | | |
|---|---|---|---|
| | | | മാനദണ്ഡങ്ങളും പാലിക്കാതെയുമാണ് അവ പ്രവർത്തിക്കുന്നത് എന്നുള്ളത് ഭക്ഷ്യസുരക്ഷാ വകുപ്പിന് വളരെയധികം ആശങ്കയുണ്ടാക്കുന്ന വിഷയമാണ്. അത്തരത്തിൽ അനധികൃത കശാപ്പുശാലകൾക്കെതിരെ ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ ഇതിനകം 18 എണ്ണം പൂട്ടിയിട്ടുള്ളതും 122 എണ്ണത്തിന് നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. എന്നാൽ സംസ്ഥാനത്തിന്റെ വർദ്ധിച്ച മാംസ ഉപഭോഗം അനധികൃത കശാപ്പുശാലകൾക്ക് കരുത്തു പകരുന്ന സംഗതിയാണ്. എന്നാൽ സംസ്ഥാനത്തിന്റെ ആവശ്യത്തിനുതകുന്ന രീതിയിൽ ശാസ്ത്രീയമായ കശാപ്പുശാലകളുടെ അഭാവം ആശങ്കയോടുകൂടി മാത്രമേ കാണുവാൻ കഴിയുകയുള്ളൂ. സംസ്ഥാനത്തിന്റെ മാംസ ഉപഭോഗം കണക്കിലെടുക്കുമ്പോൾ എല്ലാ ജില്ലകളിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ കേന്ദ്രികൃതമായ രണ്ടോ മൂന്നോ ശാസ്ത്രിയ അറവുശാലകൾ അടിയന്തിരമായി സ്ഥാപിക്കേണ്ടതുണ്ട്. ശാസ്ത്രീയമായ അറവുശാലകൾ അടിയന്തിരമായി സ്ഥാപിക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഷയമായതിനാൽ ആയത് സംബന്ധിച്ച് കൂടുതൽ നടപടികൾ ടി വകുപ്പ് സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**